₹ 15

പുസ്തകം - I
ലക്കം - 2
2019 ജനുവരി

# ജ്ഞാനദീപം

കുട്ടികളുടെ ത്രൈമാസിക



The Best Time for New Beginnings, is Now.





# ദൈവഹിതത്തിന് മാറ്റിവച്ച ജീവിതം

മാർ ഈവാനിയോസ് തിരുമേനി വൈദികനായി ദൈവവേല ചെയ്യുന്ന കാലം. തിരുമൂലപുരത്തേക്ക് വരികയായിരുന്നു അദ്ദേഹം. വഴിയിൽ കണ്ട ഒരു ഭിക്ഷക്കാരൻ വൈദികനായ എം.എ അച്ചനു നേരെ കൈനീട്ടി അദ്ദേഹം ഒരുനിമിഷം അവിടെനിന്നു യാചകന്റെ മുഖത്തേക്കു നോക്കി. ആ ഹൃദയം അലിഞ്ഞു. ഇയാൾക്ക് കൊടുക്കാൻ തന്റെ കയ്യിൽ ഒന്നുമില്ലല്ലോ ദൈവമേ....

അദ്ദേഹം മടിച്ചുനിന്നില്ല. തൊട്ടടുത്ത് പരിചയക്കാരന്റെ ഒരു വീടുണ്ട്. എം.എ അച്ചൻ അവിടേക്ക് കയറിചെന്നു. തോളിൽ കിടന്ന ഷാൾ തറയിൽ വിരിച്ചു. എം.എ അച്ചൻ ഭിക്ഷ യാചിച്ചു. വല്ലതും തരണം. വീട്ടുകാർ അത്ഭുതപ്പെട്ടു. അവർ, തറയിൽ വിരിച്ച ആ ഷാൾ നിറയെ അരി കൊടുത്തു. ഷാളിന്റെ തുമ്പുകൾ കൂട്ടിപ്പിടിച്ച് എം.എ അച്ചൻ ആ ഭിക്ഷക്കാരന്റെ അരികിലെത്തി. അരി മുഴുവൻ അയാൾക്കു നൽകി സന്തോഷത്തോടെ ആ യാചകനെ യാത്രയാക്കി.

ഇങ്ങനെയെല്ലാം, സ്വന്തം സുഖമോ, സ്വന്തം ഇഷ്ടമോ, സ്വന്തം താൽപ്പര്യമോ, സ്വന്തം മാന്യതയോ നോക്കാതെ സർവശക്തനായ ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ അദ്ദേഹം എപ്പോഴും തയ്യാറായി. ദൈവം പറയുന്നത് ഒരു കുഴപ്പവും കൂടാതെ ചെയ്യുന്നതിനായി ജീവിതം ഈശ്വരഹിതത്തിന് വേണ്ടി മാറ്റിവച്ചു മാർ ഈവാനിയോസ് തിരുമേനി.

# ജ്ഞാനദീപം

കുട്ടികളുടെ ത്രൈമാസിക


- പുസ്തകം - I
- ലക്കം - 2
- 2019 ജനുവരി

നവജീവൻ പ്രൊവിൻഷ്യൽ ആശ്രമം
നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം - 695 015
ഫോൺ - 9497889876



രക്ഷാധികാരി
ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി

ചീഫ് എഡിറ്റർ
ഫാ. ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി

എഡിറ്റർ ഇൻ ചാർജ്ജ്
ഉണ്ണി അമ്മയമ്പലം.

പബ്ലിഷർ
ഫാ. ജേക്കബ് ദയാനന്ദ് ഒ.ഐ.സി

സർക്കുലേഷൻ മാനേജർ
ഫാ. തോമസ് ജോർജ്ജ് ഒ.ഐ.സി

നിർദ്ദേശക സമിതി
ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി
ഫാ. ഡൊമനിക് സാവിയോ ഒ.ഐ.സി
ഫാ. തോമസ് സിജോ ഒ.ഐ.സി
ഫാ. ഡാനിയൽ ജീവൻ ഒ.ഐ.സി

പത്രാധിപസമിതി
ഫാ. ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി
ഫാ. തോമസ് റെജി ഒ.ഐ.സി
ഫാ. മാത്യു മണലുവിള ഒ.ഐ.സി

കവർ
ശ്രീമതി സോസി തോമസ്

ഡിസൈൻ
റോണി ഓറഞ്ച് പ്രസ്സ്

വര
ആർട്ടിസ്റ്റ് ദേവസി മൂക്കന്നൂർ
ആർട്ടിസ്റ്റ് സി.എൻ രാജു വടുതല

ലേ ഔട്ട് & പ്രിന്റിംഗ്
ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്



Bethany Navajeevan Provincial Ashram,
Nalanchira P.O, Thiruvananthapuram – 695015
+91 9188 020 081
bnprovincialsuperior@gmail.com
www.facebook.com/nava.jeevan.7524


**പുണ്യപ്രവർത്തികളെക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യജീവിതത്തിനാകുന്നു**

- ദൈവദാസൻ മാർ ഈവാനിയോസ്



*Life's battle don't always go*
*To the stronger or faster man;*
*But soon or late the man who wins*
*is the man who thinks he can*

"ഏറ്റവും വേഗത കൂടിയ ആളും ശക്തനായവനും ജീവിതത്തിൽ വിജയിക്കണം എന്നു നിർബന്ധമില്ല. എന്നാൽ 'ഞാൻ വിജയിക്കും' എന്നു ചിന്തിക്കുന്നവനാണ് എപ്പോഴും വിജയിക്കുന്നത്."



പ്രിയ കൂട്ടുകാരെ,

വീണ്ടും ഒരു പുതുവർഷം നമ്മുടെ മുന്നിലേക്ക് കടന്നുവരികയാണ്. ഈ പുതുവർഷത്തെ ഇരുകൈയും നീട്ടി നമുക്ക് സ്വീകരിക്കാം. നിങ്ങളുടെ ഭാവിയെ ശോഭനമാക്കുന്ന പുതിയപുതിയ സ്വപ്നങ്ങളുമായി ജീവിതത്തെ പടുത്തുയർത്തുവാൻ നിങ്ങൾക്ക് ഈ 2019-ൽ സാധിക്കട്ടെ. "ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം; നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം" മുൻ രാഷ്ട്ര പതിയായിരുന്ന മഹാനായ അബ്ദുൾ കലാമിന്റെ വാക്കുകളാണിത്. 2018-ൽ നമ്മുടെ നാട് പലവിധമായ വെല്ലുവിളികളിലൂടെ കടന്നു പോയെങ്കിലും കൂട്ടായ പരിശ്രമത്തിലൂടെ അതെല്ലാം അതിജീവിക്കുവാൻ നമുക്ക് സാധിച്ചു. മാനുഷിക മൂല്യങ്ങളിലും വിശ്വാസങ്ങളിലും പരസ്പര ബന്ധങ്ങളിലും ഇന്ന് വലിയതോതിലുള്ള അപജയങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. വളർന്നുവരുന്ന കുട്ടികൾക്ക് ശരിയായ ദിശാബോധം ലഭിക്കുകയും അവരുടെ കാഴ്ചപ്പാടുകൾ നാടിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉപയോഗിക്കുകയും ചെയ്യുക എന്നത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ സഹോദര്യത്തിന്റെ കൂട്ടായ്മയിൽ ആഴപ്പെടുവാൻ നമ്മുടെ ഓരോ കൂട്ടുകാർക്കും സാധ്യമാകട്ടെ, ജ്ഞാന ദീപം അതിന് എന്നും ഒരു വഴികാട്ടിയാകട്ടെ.

**എല്ലാ കൂട്ടുകാർക്കും പുതുവത്സരാശംസകൾ.....**

സ്നേഹപൂർവ്വം
**ഫാ.ഗീവർഗീസ് തിരുവാലിൽ ഒ.ഐ.സി**
ചീഫ് എഡിറ്റർ



# എന്താണ് പ്രാർത്ഥന

കൂട്ടുകാരെ, നമ്മൾ ആഗ്രഹിക്കുന്നതെല്ലാം ദൈവത്തിൽ നിന്ന് ലഭിക്കുവാൻ നമ്മുടെ ആഗ്രഹങ്ങളുടെ ഒരു നീണ്ട പട്ടിക ദൈവത്തിനു മുമ്പിൽ സമർപ്പിക്കുന്നതാണോ പ്രാർത്ഥന? അങ്ങനെയെങ്കിൽ ആഗ്രഹിച്ച കാര്യങ്ങൾ ദൈവതിരുമുമ്പിൽ നിന്ന് ലഭിക്കാതെ വരുമ്പോഴോ? അപ്പോൾ നമ്മൾ പറയുന്നു, പ്രാർത്ഥനയിൽ വിശ്വാസമില്ലെന്ന്. ചിലർ പറയുന്നത് അവരുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നാണ്. ഒത്തിരിയേറെ പ്രാർത്ഥിച്ചിട്ട് നമ്മൾ പ്രാർത്ഥിച്ച സംഗതികൾ നടക്കാതിരിക്കുമ്പോൾ ദൈവത്തെ നമ്മൾ പൂർണ്ണമായും തള്ളിപ്പറയാറുമുണ്ട്. അങ്ങനെയുള്ള കൂട്ടുകാർ ഇനി പറയുന്ന കാര്യങ്ങൾ മനസ്സിൽ കുറിച്ചിടുക.

പ്രാർത്ഥന എന്നുപറയുന്നത്. ദൈവവും മനുഷ്യനും തമ്മിലുള്ള വിശുദ്ധമായ ഒരു ബന്ധമാണ്. ദൈവഹൃദയവും മനുഷ്യഹൃദയവും ഒന്നാകുന്ന പരിപാവനമായ ദിവ്യമായ ഒരനുഭവമാണ് പ്രാർത്ഥന.

പ്രാർത്ഥനയുടെ സമയത്താണ് മനുഷ്യൻ ദൈവത്തെ അടുത്തറിയുന്നത്. ആ സമയം ദൈവം മനുഷ്യന്റെ മുമ്പിൽ സംസാരിക്കുകയും ചെയ്യുന്നു. അങ്ങനെ

# മനമുരുകും പ്രാർത്ഥന

അയ്യോ മാനമിരുണ്ടല്ലോ
ഇടിയും മിന്നലുമാണല്ലോ
മഴയിപ്പോഴിങ്ങെത്തൂല്ലോ
കുടയില്ലാതെന്തോ ചെയ്യും

കുടവേണം കുഞ്ഞീശോയേ
കുടവേണം പൊന്നീശോയേ
കുടയില്ലെങ്കിൽ മഴ പോണം
മഴയത്തെങ്ങനെ ഞാൻ പോകും


മനമുരുകും പ്രാർത്ഥന മുഴുവൻ
മിശിഹാനാഥൻ കാതോർത്തു
മഴപോയ് മാനം കുടയായീ
മിശിഹാനാഥൻ തുണയായീ.......



പ്രാർത്ഥനയുടെ സമയത്ത് ദൈവതിരുവിഷ്ടം മനസ്സിലാക്കുവാൻ നമുക്ക് സാധിക്കുന്നു.

പ്രസിദ്ധമായ പല മഹാന്മാരും പ്രാർത്ഥനയിൽ ദൈവത്തെ അറിഞ്ഞവരാണ്. എന്നും പ്രാർത്ഥിക്കുന്ന മനുഷ്യനാണ് മഹാത്മാഗാന്ധി. അദ്ദേഹം പ്രാർത്ഥിച്ചത് തനിക്കു വേണ്ടിയോ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടിയോ ആയിരുന്നില്ല. പിന്നെയോ ദൈവതിരുമുമ്പിൽ ഭാരതത്തതിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ശക്തി ലഭിക്കുന്നതിനുവേണ്ടിയായിരുന്നു മഹാത്മാഗാന്ധി പ്രാർത്ഥിച്ചിരുന്നത്. ജീവിതത്തിലെ പല പ്രതിസന്ധി ഘട്ടത്തിലും ആത്മാവിന്റെ ശാന്തി നഷ്ടപ്പെടാതെ തന്നെ കാത്തുരക്ഷിച്ചത് പ്രാർത്ഥനയാണെന്ന് ഗാന്ധിജി ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. യേശുവിന്റെ പ്രാർത്ഥനയും നമുക്ക് സുപരിചിതമാണല്ലോ. ഗത്സെമനിൽ വച്ച് ഒരു രാത്രി മുഴുവൻ ഈശോ പ്രാർത്ഥിച്ചു. ഈശോ പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്നാണ് പ്രാർത്ഥിച്ചത്. ആ പ്രാർത്ഥനയാണ് കുരിശുമരണത്തോളം ഈശോയെ ശക്തിപ്പെടുത്തിയത്. അപ്പോൾ നമ്മൾ എന്താണ് തിരിച്ചറിയേണ്ടത്. പ്രാർത്ഥന വെറും ചോദിച്ചു വാങ്ങൽ മാത്രമല്ല. പിന്നെയോ പ്രാർത്ഥന ഒരു മഹാശക്തിയാണ്. ദൈവഹിതത്തിനനുസരിച്ച് ജീവിക്കുവാനുള്ള ശക്തി ലഭിക്കുന്നതിനുവേണ്ടിയാണ് നാം ഓരോരുത്തരും പ്രാർത്ഥിക്കേണ്ടത്.


പോസിറ്റീവ് കഥ



# ഐൻസ്റ്റീൻ


മൂന്നു വയസ്സുവരെ സംസാരിക്കാൻ പോലും കഴിയാതിരുന്ന കുട്ടിയായിരുന്നു ഐൻസ്റ്റീൻ. ഏഴെട്ടു വയസ്സുവരെ എഴുതാനും വായിക്കാനും അറിയില്ലായിരുന്നു.

പ്രാഥമിക വിദ്യാലയത്തിൽ അദ്ധ്യാപകരുടെ ശകാരം കേൾക്കാത്ത ദിവസമുണ്ടായിരുന്നില്ല. ഒന്നും ഒന്നും കൂട്ടിയാൽ എത്രയെന്നു ചോദിച്ചാൽ പോലും ഉത്തരമുണ്ടാവില്ല. ഏതു നേരവും ചിന്തയാണ്. ഒരിക്കലും തീരാത്ത സംശയവും ഇവനൊരിക്കലും നന്നാവില്ലെന്ന് മാതാപിതാക്കളോട് അദ്ധ്യാപകർ പറഞ്ഞു. അവന്റെ മാതാപിതാക്കൾ വളരെ വിഷമതരായി. തട്ടിയും മുട്ടിയും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഐൻസ്റ്റൈനെ ഗ്രീക്ക്, ലാറ്റിൻ ഭാഷകളും ചരിത്രവും പഠിപ്പിക്കുന്ന ജിംനേഷ്യത്തിൽ ചേർത്തെങ്കിലും അവിടുത്തെ അച്ചടക്കവും കർശന നിയമങ്ങളൊന്നും സഹിക്കാനായില്ല. പാതിവഴിയിൽ പഠനം ഉപേക്ഷിച്ച് അവൻ ഇറ്റലിയിലെ മിലാനിൽ താമസിക്കുന്ന മാതാ




പിതാക്കളുടെ അടുത്തേക്കു പോയി. മന്ദബുദ്ധിയും ഉഴപ്പനുമായി മുദ്രയടിക്കപ്പെട്ടിരുന്ന ഐൻസ്റ്റെൻ മാനസികമായി തളർന്നാണ് മിലാനിലെത്തിയത്. പക്ഷേ അവന്റെ മാതാപിതാക്കൾ അവനെ കുറ്റപ്പെടുത്തിയില്ല. തന്റെ പ്രിയപ്പെട്ട വയലിനുമായി പ്രകൃതിയുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് അവൻ കുറച്ചുനാൾ കഴിച്ചുകൂട്ടി. മാതാപിതാക്കൾ അവനെ മനസ്സിലാക്കി. മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്നേഹവും വാത്സല്യവും കരുതലും നൽകി അവന്റെ നഷ്ടപ്പെട്ട പ്രസരിപ്പു മുഴുവൻ തിരിച്ചെടുത്തു.

പിന്നീട് സ്വിറ്റ്സർലണ്ടിൽ സുറിച്ചിലെ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശന പരീക്ഷ എഴുതി ഇഷ്ട വിഷയങ്ങളായ ഭൗതികശാസ്ത്രത്തിലും കണക്കിലും നൂറിൽ നൂറുമാർക്ക് വാങ്ങി അവൻ അദ്ധ്യാപകരെ അത്ഭുതപ്പെടുത്തി.



*"Live as if you were to die tomorrow.*
*Learn as if you were to live forever."*

*Mahatma Gandhi*


മന്ദബുദ്ധി എന്ന് ഒരിക്കൽ പരിഹസിക്കപ്പെട്ട അദ്ദേഹത്തിന്റെ മുന്നിൽ ശാസ്ത്രലോകം നമിച്ചു നിൽക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. എങ്കിലും, ചില കാര്യങ്ങളിൽ ഐൻസ്റ്റീൻ മന്ദബുദ്ധി തന്നെയായിരുന്നു. പ്രഭാഷണ പര്യടനങ്ങൾക്കും മറ്റും പോയി തിരിച്ചെത്തുക മുഷിഞ്ഞ വസ്ത്രങ്ങളുമായാവും. പെട്ടിയിൽ ഭാര്യ അലക്കിത്തേച്ചുവച്ച വസ്ത്രങ്ങൾ അതേപടി ഇരിക്കുന്നുണ്ടാവും. ഗണിതത്തിന്റെയും ഊർജ്ജതന്ത്രത്തിന്റെയും മഹാസമസ്യകൾ നിസ്സാരമായി നിർധാരണം ചെയ്തെടുത്ത ഐൻസ്റ്റീന് സ്വന്തം ഫോൺ നമ്പർ പോലും ഓർക്കാൻ കഴിയുമായിരുന്നില്ലത്രേ! ഇതേപ്പറ്റി ചോദിച്ച സുഹൃത്തിനോട് ഐൻസ്റ്റീന്റെ മറുപടി: "ഒരു ടെലിഫോൺ ഡയറക്ടറിയിൽ നിന്ന് എളുപ്പത്തിൽ ലഭിക്കുന്ന കാര്യത്തെ ഞാനെന്തിന് മനസ്സിൽ ചുമന്നുകൊണ്ടു നടക്കണം?"


-ജയലക്ഷ്മി.എസ്. പുനലൂർ


# Cunning Jackals


Story - Neenu Titus

Drawing - Devassy




What a big catch! We have plenty of food today
Yeah! Let's start eating
Where is Jacko ?


Jacko was an expert at mimics.
As he watched his friends from behind a bush, be got an idea,


ROAR...
Now, I will roar like a lion and scare them away
It's a lion. Let's run


Ha..Ha...Ha... fooled them, Now I can eat it all by myself


The next day
ROAR...
Come on ! Run fast, the lion's back


It was the lazy Jacko back at his trick.
ROAR
That sounds like, another lion
It's not a lion, it's a jackal,I will teach him a lesson
Jacko escaped but he had now learnt a lesson
You cheat, How dare you, imitate my roar?
I wish I hadn't cheated my firends
Unity is strength

# *Galilean Relativity*

In 1583, Galileo conducted an experiment on a ship at sea. He shut himself up with some friends in a cabin. There were butterflies and other small insects flying around. He hung a bottle of water in such a way that it would drip into a vessel placed beneath. When the ship stood still, he observed how all the butterflies and other insects would fly with equal speed. The water from the suspended bottle dripped into the vessel. He then ordered the ship to sail full speed. As long as the motion was uniform, he discovered that on one could tell whether the ship was moving or standing still, because the droplets fell as before into the vessel beneath. The butterflies and the insects too flew as before.

This is known as Galilean relativity. Galilean relativity makes it clear how the earth can be in motion (some 100,000 kilometres per hour), yet this motion is not something that we can directly perceive. When you fly in an aeroplane, given there is no air turbulence, you may never know whether the plane is flying or standing still.

The principle of Galilean relativity tells us that the physical laws of Galileo and Newton remain totally unchanged if we pass from a stationary to a moving frame of reference. Whether it is a stationary or moving frame of reference, any object physically connected or suspended in the air within that frame of reference, will obey the Physical Laws of Motion. If this were not true, then the cheapest way to travel would be to just float above the surface of the earth by a few feet, and one could reach America or Africa, due to the rotational movement of earth in a short period of time. But it never happens, or does it?

# NOT TRUE

Mr. Kitchom loved to listen to stories, but at the end of the tale he would invariably exclaim. "That can't be true!"



One day, he was standing at the gate of his house when he saw the village schoolmaster going by. He called out to him and begged him to tell a story.

"On one condition," said the teacher. "When I finish, you should not say 'That can't be true.' If you say that, I'll be entitled to a sack of grain from your house."

"Agreed," said Mr. Kitchom.

"I'll tell you the story of a great Lord who lived in China a long time ago," said the teacher. "One day, this aristocrat got into his palanquin to go to the governor's palace. On the way, he heard a bird crying. When he peeped out, the bird soiled his robe with its droppings.

"He sent his servant back for a new robe. He changed into it, and they resumed the journey. After a while, the bird called out again. The man peeped out yet again, and guess what? The bird soiled his headdress" lrked, he sent his servant back for a new one.

He made up his mind not to look out if the brid cried out again, but when it did he could not resist looking out! This time, the bird dropped its load directly on his head.

The Lord sent his servant to bring him a new headdress and when he had brought it, cut off his own!"

"Oh, but that can't be true!" blurted Mr. Kitchom.

"No, it can't," agreed the teacher, triumphantly,

"But you've uttered the prohibited phrase and you agreed to forfeit a sack of rice as penalty!"

"Did I?" said Mr. Kitchom, slyly. "That can't be true."

## എന്റെ വിഷമം

ഞാൻ കണ്ടൊരു പൂമ്പാറ്റ
പല നിറമുള്ളൊരു പൂമ്പാറ്റ
ഓരോ പൂവിലുമെത്തുന്നു
പറന്നു നൃത്തം ചെയ്യുന്നു
കാണാനെത്ര മനോഹരമാണ്
കാണാതിരുന്നാൽ വിഷമവുമാണ്.

ജാനകി, ക്ലാസ്സ് 3,
(ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ, കവടിയാർ,
തിരുവനന്തപുരം)

# കൂട്ടുകെട്ട്

കെട്ടുകളെ കേട്ടിട്ടുണ്ടോ
പത്രക്കെട്ട് പഴക്കെട്ട്
തുന്നിക്കെട്ട് തുണിക്കെട്ട്
വെള്ളക്കെട്ട് വെടിക്കെട്ട്
അണക്കെട്ട്
തലക്കെട്ട്
ചാക്കുകെട്ട്
താലികെട്ട്
കല്ലുകെട്ട്
പുസ്തകക്കെട്ട്
കെട്ടുകളിങ്ങനെ പലവിധമെ
ന്നാൽ
സൂക്ഷിക്കേണ്ടൊരു കെട്ടേത്
കൂട്ടുകെട്ട്
കൂട്ടുകെട്ട്
ശാശ്വതമായൊരു കെട്ടേത്
യേശുവുമായുള്ള കൂട്ടുകെട്ട്

– ഉണ്ണി അമ്മയമ്പലം.



# Watch & Match

*Match the following objects with the words we usually use to describe them. For example:*

*1. bar of soap*
*2. pinch of salt*
*3. slice of cake*

| | |
|---|---|
| *1. piece* | *A. of smoke* |
| *2. dose* | *B. of light* |
| *3. sum* | *C. of wool* |
| *4. sheaf* | *D. of coal* |
| *5. cloud* | *E. of snow* |
| *6. blob* | *F. of tape* |
| *7. lump* | *G. of medicine* |
| *8. bowl* | *H. of corn* |
| *9. flake* | *I. of wax* |
| *10. reel* | *J. of money* |
| *11. ball* | *K. of paper* |
| *12. ray* | *L. of fruit* |

"Attitude is a little thing that makes a big difference."



-Winston Churchill

# കുന്നോളം കാര്യങ്ങൾ



നമ്മുടെ അമ്മ മലയാളത്തിന്റെ അഭിമാനമാണ് പ്രിയപ്പെട്ട എഴുത്തുകാരൻ ശ്രീ പെരുമ്പടവം ശ്രീധരൻ. അദ്ദേഹവുമായി തിരുവനന്തപുരം കവടിയാർ ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂളിലെ വിദ്യാർത്ഥികളായ ദേവ് രാകേഷ് തമ്പാൻ, നിരഞ്ജന എ.എസ്., അഷ്ടമി ആർ. കൃഷ്ണ, സങ്കീർത്ത് സജിത്ത്, എൽവിസ് സനൽ എന്നിവർ നടത്തിയ അഭിമുഖ സംഭാഷണം. കുട്ടികൾക്കു വേണ്ടി അങ്ങ് എഴുതിയ കഥകളിൽ പ്രധാനപ്പെട്ട ഒരു കഥയെ കുറിച്ച് പറയാമോ?

> **നമ്മൾ കാണുന്ന, അനുഭവിക്കുന്ന ജീവിത ചുറ്റുപാടുകളിൽ നിന്നാണ് സാധാരണയായി കഥകളും കവിതകളുമൊക്കെ ഉണ്ടാകുന്നത്.**

എനിക്ക് ഇഷ്ടം തോന്നിയ ഒരു കഥയുടെ പേര് ഞാൻ പറയാം. കുട്ടികൾക്ക് പഠിക്കാനുണ്ടായിരുന്നു ആ കഥ. 'സ്നേഹം ഒരു കുന്നോളം' എന്നാണ് കഥയുടെ പേര്. ആ കഥ നിങ്ങൾ വായിച്ചിട്ടുണ്ടോ.

ഉവ്വ് ഞങ്ങളിൽ ചിലർ ആ കഥ വായിച്ചിട്ടുണ്ട്. ഞങ്ങൾക്കെല്ലാം വളരെ ഇഷ്ടമായി. ആ കഥ എഴുതാൻ സാറിനെ പ്രേരിപ്പിച്ച എന്തെങ്കിലും കാര്യങ്ങൾ ഒന്നു പറയാമോ...?

മോശം കുട്ടികൾ എന്നു വിളിച്ച് മാറ്റിനിർത്തപ്പെടുന്ന കുഞ്ഞുങ്ങളെ സ്നേഹം

കൊടുത്തു നല്ലവരാക്കിയെടു ക്കാൻ കഴിയുമെന്ന ആശയമാണ് ആ കുഞ്ഞുകഥയിലെ ആശയം.

ഈ കഥയിലെ കഥാപാത്ര ങ്ങൾക്ക് സാറിന്റെ ജീവിത ചുറ്റു പാടുകളുമായി എന്തെങ്കിലും ബന്ധമുണ്ടെന്നു പറയാമോ?

നമ്മൾ കാണുന്ന, അനുഭവി ക്കുന്ന ജീവിത ചുറ്റുപാടുകളിൽ നിന്നാണ് സാധാരണയായി കഥ കളും കവിതകളുമൊക്കെ ഉണ്ടാ കുന്നത്. ആ കഥയിലുള്ളതു പോലെ വികൃതിക്കുട്ടികൾ എല്ലാ യിടത്തുമുണ്ട്. പക്ഷേ, അവർ ചീത്ത കുട്ടികളല്ല. ഇത്തരം വികൃതി ക്കുട്ടികളെ നേർവഴിക്കു കൊണ്ടു വരാൻ ഒരു മുത്തശ്ശനു കഴിയും. നമ്മുടെ സമൂഹത്തിൽ ഇത്തരം നല്ല മുത്തശ്ശന്മാർ അഥവാ മുതിർന്നവർ ഉണ്ടായാൽ വികൃതി ക്കുട്ടികൾ മാലാഖക്കുഞ്ഞുങ്ങളെ പ്പോലെ നിഷ്കളങ്കമായി നല്ലവ രായി വളർന്നുയരും.

കുട്ടികൾ വികൃതികളായി അല്ലെങ്കിൽ മോശക്കാരായി മാറു ന്നതിന്റെ കാരണമായി സാറിന്റെ മനസ്സിൽ തോന്നുന്നത് എന്താ ണെന്ന് ഞങ്ങളോടൊന്നു പറയാ മോ....?

കുട്ടികൾ മോശക്കാരാകുന്ന തിന് വിവിധ കാരണങ്ങൾ ഉണ്ട്. എന്നാൽ, ചില സന്ദർഭങ്ങളിൽ നമുക്ക് പറയാൻ തോന്നുന്ന ഒരു പ്രധാനപ്പെട്ട കാര്യം അവരുടെ അനുകരണശീലത്തെക്കുറിച്ചാണ്. വീട്, നാട്, സ്കൂൾ തുടങ്ങി കുട്ടി കൾ സമയം ചെലവഴിക്കുന്ന സ്ഥലങ്ങളിലെ കാഴ്ചകൾ, പെരു മാറ്റങ്ങൾ, മറ്റു മനുഷ്യരുടെ ഇട പെടലുകൾ ഇവയെല്ലാം കുട്ടികളെ സ്വാധീനിക്കുന്നു. ചില കാര്യങ്ങൾ അവർ കണ്ടുപഠിക്കുന്നു. അതു തന്നെ അവർ ചെയ്യുകയും ചെയ്യു ന്നു. അങ്ങനെയുള്ള കുട്ടികളെ നേരായ വഴിയിലേക്കു കൊണ്ടുവ രുന്നതിന് ഇതുപോലുള്ള കഥകൾ സഹായിക്കുമെന്നാണ് എന്റെ വിശ്വാസം.

ഈ കഥയിൽ സാറിന് ഏറ്റവും ഹൃദയസ്പർശിയായി തോന്നിയ ഒരു ഭാഗം ഒന്നു പറയാമോ....?

ഇതൊരു കൊച്ചു കുട്ടിക്ക ഥയാണ്. കുട്ടി പർവതത്തോട് 'ഞാൻ സ്നേഹിക്കുന്നു' എന്നു പറയുന്ന സന്ദർഭം വളരെ നന്നായിട്ടുണ്ടെന്ന് ഞാൻ ഓർക്കാ റുണ്ട്. ഞാൻ സ്നേഹിക്കുന്നു എന്ന് കുട്ടി പറയുന്നത് പ്രകൃതി യുടെ ഭാഗമായ മലയോടാണ്. മനുഷ്യരോട് മാത്രമല്ല, പ്രകൃതി യോടും മലയോടും മരങ്ങളോടു മെല്ലാം സ്നേഹം നൽകി ജീവി ച്ചാൽ അവയിൽ നിന്നൊക്കെ സ്നേഹം തിരികെ ലഭിക്കുമെന്ന അറിവ് കുട്ടികളുടെ മനസ്സിൽ ഉറയ്ക്കണം.

സാറിന്റെ കുട്ടിക്കാലത്തെപ്പറ്റി ഒന്നു പറയാമോ....?

നിങ്ങൾക്കുള്ളതുപോലെ വളരെ സുന്ദരമായ ഒരു കുട്ടി ക്കാലം എനിക്കുമുണ്ടായിരുന്നു.



എറണാകുളം ജില്ലയിൽ മൂവാറ്റു പുഴയ്ക്കടുത്ത് പെരുമ്പടവം എന്ന ഗ്രാമത്തിലായിരുന്നു എന്റെ കുട്ടിക്കാലം. ഞാനൊരു കുസൃതി ക്കുട്ടിയായിരുന്നില്ല. ഞാനാരെയും ദ്രോഹിച്ചിരുന്നില്ല. കുട്ടികൾക്ക് കുറച്ചു കൃസൃതിയൊക്കെ ആവശ്യ മാണ്. എന്നാൽ അത് പരിധി വിടു മ്പോൾ മുതിർന്നവർ അവർക്ക് സ്നേഹം നൽകണം. എന്റെ അറിവില്ലായ്മകൾ ചൂണ്ടിക്കാട്ടി ഉപദേശിക്കാൻ അമ്മയും ഗുരുനാ ഥന്മാരും എനിക്കുണ്ടായിരുന്നു. പിന്നെ, എന്റെ ഗ്രാമത്തിന്റെ എല്ലാ ശുദ്ധവും നിഷ്കളങ്കവുമായ അനുഭവങ്ങൾ അറിഞ്ഞുതന്നെ യാണ് ഞാൻ വളർന്നത്. എനിക്ക് പത്തോ പന്ത്രണ്ടോ വയസ്സുള്ള പ്പോൾ മുതൽ ഞാൻ ധാരാളം പുസ്തകങ്ങൾ വായിക്കുമായി രുന്നു. ചങ്ങമ്പുഴയുടെ രമണൻ, വള്ളത്തോളിന്റെ മഗ്ദലന മറിയം, കുമാരനാശാന്റെ കൃതികൾ തുട ങ്ങിയവ എനിക്ക് ഏറെ ഇഷ്ട മായിരുന്നു. അക്കാലത്തുതന്നെ മറ്റുള്ളവരെ ബഹുമാനിക്കണ മെന്നും പരസ്പരം ബഹുമാനിക്ക ണമെന്നും അന്യോന്യം സഹായി ക്കണമെന്നും നല്ല മാർഗത്തിൽ ജീവിക്കണമെന്നുമൊക്കെ ഞാൻ എന്നോടുതന്നെ പറയുമായിരുന്നു ഈ കാര്യങ്ങൾ ഞാൻ നിങ്ങളോടു പറയുന്നു. ധാരാളം വായിക്കുക. വായിച്ചുകൊണ്ടിരിക്കുമ്പോൾ കലാവാസനകൾ ഉയർന്നുവരും. അത് പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

സാറിന്റെ മാതാപിതാ ക്കളെക്കുറിച്ച്.... അവരുടെ സ്നേഹം സാറിനെ ഏതുതരത്തി ലാണ് സ്വാധീനിച്ചത്?

നമുക്കൊപ്പം ജീവിക്കുന്ന മുതിർന്നവരുടെ സ്നേഹം കണ്ടി ട്ടാണ് നമ്മൾ മറ്റുള്ളവരെ സ്നേ ഹിക്കാൻ പഠിക്കുന്നത്. എന്റെ അമ്മ മറ്റുള്ളവരെ ഏറെ സ്നേ ഹിച്ചിരുന്നു. എനിക്കു നാലു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പിന്നീട് എന്റെ സ്നേഹിതന്മാ രുടെയോ മറ്റുള്ളവരുടെയോ അച്ഛൻ എന്റെയും അച്ഛൻ ആയി രുന്നു. അമ്മയായിരുന്നു എനിക്ക്

മാതൃക. എല്ലാവരെയും അകമഴിഞ്ഞ് സ്നേഹിക്കാൻ അമ്മയുടെ ജീവിതം എന്നെ പഠിപ്പിച്ചു. ഇന്നത്തെപ്പോലെ അണുകുടുംബങ്ങൾ അന്ന് ഇല്ലായിരുന്നു. അതുകൊണ്ട്, വീട്ടിലും അയൽപക്കത്തുമൊക്കെയുള്ള ആളുകളുമായി ധാരാളം കൂട്ടുകൂടലുകൾ മനുഷ്യബന്ധങ്ങൾ കൂട്ടുകുടുംബങ്ങളിൽ ദൃഢമായിരുന്നു എന്ന് ഇപ്പോഴും ഞാനോർക്കുന്നു. പരസ്പരം സ്നേഹിക്കാൻ കഴിഞ്ഞാൽ അണുകുടുംബങ്ങളും നന്മയുള്ള ഇടമായി മാറും.

സാറ് ആദ്യം എഴുതിയ കഥയെക്കുറിച്ച്.....?

കുട്ടിക്കാലത്ത് എഴുതിയ കഥയുടെ പേര് ഓർമയില്ല. പാവപ്പെട്ട ഒരു കുട്ടി രോഗിയായി ആശുപത്രിയിൽ കിടക്കുമ്പോൾ, അവനെ സഹായിക്കാൻ, അവന് മരുന്ന് വാങ്ങിക്കൊടുക്കാൻ കഴിവില്ലാത്ത അമ്മയുടെ കൈയിൽ കൂട്ടുകാരൻ മോതിരം ഊരിക്കൊടുക്കുന്നതാണ് കഥ.


ഈ പുതിയ കാലം വേഗതയുടെ കാലമാണെന്ന് പലരും പറയാറുണ്ട്. ഇക്കാലത്ത് നമ്മുടെ പഴയ നന്മകൾ നഷ്ടമായിട്ടുണ്ടെന്നും പറഞ്ഞുകേൾക്കുന്നു. അങ്ങനെയെങ്കിൽ നമുക്ക് നഷ്ടപ്പെട്ട ആ നന്മകൾ വീണ്ടെടുക്കണ്ടേ....?

തീർച്ചയായും വേണം. സ്നേഹവും പരസ്പര വിശ്വാസവുമൊന്നും പഴയതുപോലെ ഉണ്ടാകുന്നില്ല എന്നു തോന്നാറുണ്ട്. എങ്കിലും, നല്ലവരായ മനുഷ്യരുണ്ട്. നിങ്ങൾ കുട്ടികളാണ് ഇതിനൊക്കെ പരിഹാരം കാണേണ്ടത്. ഇനി വരുന്ന തലമുറ നിങ്ങളുടേതാണ്. അതിനാൽ ഇവിടെ നിന്ന് നഷ്ടമാകുന്ന ഓരോ നന്മയും തിരികെ കൊണ്ടുവരേണ്ടത് നിങ്ങളുടെ ലക്ഷ്യമാകണം. അതിനുവേണ്ടി ജീവിതത്തിൽ മൂല്യങ്ങൾ കണ്ടെത്തണം. ശ്രീബുദ്ധൻ, ക്രിസ്തു, നബി, ഗാന്ധിജി എന്നിവരുടെയെല്ലാം ജീവിതകഥകൾ വായിക്കുമ്പോൾ നല്ല മനുഷ്യരായി വളരാൻ അവർ എന്തുചെയ്തു എന്ന് മനസ്സിലാകും. അത്തരമൊരു നന്മയിലേക്ക് നിങ്ങൾ കുട്ടികൾ കടന്നുവരട്ടേയെന്നു പ്രാർത്ഥിക്കുന്നു.

## ചെടി

ചെടിക്ക് വെള്ളമൊഴിക്കാനമ്മ
ചെടിക്ക് കഥപറയാനോ മുത്തശ്ശി
ചെടിക്ക് പാട്ടുകൾ പാടും തത്ത
ചെടിയെ കാണാൻ വരുമോ നീ

പ്രാർത്ഥന പി.ആർ,
ക്ലാസ്സ് 1,
ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ,
കവടിയാർ, തിരുവനന്തപുരം





# മനുമോനും മാലാഖയും

എഴുത്ത് ,വര

**ദേവസി**




മനൂ, എനിക്കു മനസ്സിലാകും നിന്റെ വിഷമം. പ്രളയത്തിൽ  നിങ്ങൾക്കു മാത്രമല്ല നാശനഷ്ടങ്ങളുണ്ടായിരിക്കുന്നത്. എത്രയോപേർക്ക് സ്വന്തം വീടുപോലും നഷ്ടമായിരിക്കുന്നു.
സാരമില്ല ടോണി. ഞാൻ ചുമ്മാ പറഞ്ഞുപോയതാ ! നീ ചെല്ല് !
ടോണി പോയിക്കഴിഞ്ഞപ്പോൾ
മനുമോനേ എന്തുപറ്റി ? മുഖം വല്ലാതിരിക്കുന്നു !
എന്താ ഇപ്പോ ഇങ്ങനെ തോന്നാൻ ?
എന്നാലും ദൈവം ഇത്രയ്ക്കും ക്രൂരനായിപ്പോയല്ലോ !
പ്രളയത്തിൽ ഞങ്ങൾക്കെല്ലാം നഷ്ടമായി. എത്രപേരുടെയാ ജീവനും സ്വത്തിനും നഷ്ടം സംഭവിച്ചിരിക്കുന്നത്. ഇത്രയും വലിയൊരു ശിക്ഷ തരുവാൻമാത്രം ഞങ്ങൾ എന്തു തെറ്റു ചെയ്തു ?
മനൂ,ദൈവം ഒരിക്കലും ക്രൂരത പ്രവർത്തിക്കില്ല. മനു ഒരു കാര്യം ശ്രദ്ധിച്ചോ ?


എന്താണ് ?
ദയ, സ്നേഹം, കരുണ, സഹാനുഭൂതി ഇതെല്ലാം വറ്റിവരണ്ടു തുടങ്ങിയ ഒരു സമൂഹത്തിലാണ് നിങ്ങളൊക്കെ ജീവിച്ചുകൊണ്ടിരുന്നത് !
ആ സ്ഥിതിക്ക് അല്പം മാറ്റം വന്നില്ലേ ?
ശരിയാണ് ! ജനം തമ്മിൽ തമ്മിൽ സ്നേഹിക്കുവാനും സഹായിക്കുവാനും പഠിച്ചു കഴിഞ്ഞിരിക്കുന്നു. പുതിയൊരു കേരളം കെട്ടിപ്പടുക്കുവാൻ കൈകോർക്കുകയാണ് !
മനു വിഷമിക്കണ്ട. എല്ലാ വർഷത്തേയും പോലെ ഇത്തവണയും മനുവും വീട്ടുകാരും ഭംഗിയായി ക്രിസ്മസ്സ് ആഘോഷിക്കും !
....എങ്ങനെ ആഘോഷിക്കും എന്നല്ലേ ? അതിനുള്ള വഴി ദൈവം ഒരുക്കിതരുന്നുണ്ട്!
ഇതു പറഞ്ഞിട്ട് മാലാഖ അപ്രത്യക്ഷമായി.
എന്തായിരിക്കും മാലാഖ ഉദ്ദേശിച്ചത് ? ങാ, ഒന്നും കാണാതെ ദൈവദൂതൻ അങ്ങിനെ പറയില്ല ഉറപ്പ് !


രണ്ടു ദിവസങ്ങൾക്കുശേഷം
ഹായ് , മനു ചേട്ടായി, ഞാൻ ഡിക്സൺ ഇത് എന്റെ അനുജത്തി മിയാ !
ഞങ്ങൾ മനുചേട്ടന് ക്രിസ്മസ്സ് സമ്മാനം കൊണ്ടുവന്നതാ !
ടോണിയുടെ അങ്കിളിന്റെ മക്കൾ !
മനൂ, ഇത് നിനക്കു വാങ്ങിയ ഡ്രസ്സുകളാ ! ദാ, പിടി !
വേറേയും സമ്മാനമുണ്ട് !
പപ്പ തന്നുവിട്ടതാ. ഇതിൽ കുറച്ചു പണമാ ! ക്രിസ്മസ്സ് അടിച്ചു പൊളിക്കൂ.
ടോണിയും ഡിക്സണും മിയായും ഉടനെ തിരിച്ചുപോയി.
ഹാപ്പി ക്രിസ്മസ്സ് !
ഹാപ്പി ക്രിസ്മസ്സ് !
ദൈവമേ, നിന്റെ കാരുണ്യത്തിന് നന്ദി ! ഈ പണം ഞാൻ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യും. ഒരു പങ്കുവയ്ക്കലിന്റെ ക്രിസ്മസ്സ് ആകട്ടെ ഇത്തവണത്തേത്



# The Angel's Visit

In a small village named Thalakulam there lived a little girl who was born lame. She was the only daughter of John and Leena. They loved their daughter very much. They took her to many hospitals but their daughter Reena was not able to walk. Reena was a happy child though she was not able to play outdoor games like other children. She was able to crawl from one place to another. She was a cheerful person, she never complained of her disability. She had many friends in the neighbourhood. They came to Reena's house to play indoor games with her. They played chess, carroms and snakes and ladders. She was always truthful and never cheated. While playing, she shared many jokes and brought laughter and joy. She also asked many riddles. She was a friendly girl and so all the children liked to play with her. She was prayerful

too; she prayed before meals, studies, exams, and before going to bed.

One night she was saying her night prayers before going to sleep. Suddenly there was a bright light in her room and an angel appeared to her. The angel said, "I am an angel sent by God to grant you a wish." Reena was very happy to see the angel; she bowed before the angel in respect. The angel said, "God is pleased with you and he wants to fulfil one wish of yours, so reflect and ask." Reena thought for a while. Many important needs were before her, they were poor, she could ask for wealth; her house was small, she could ask for a big house; she was lame, she could ask for a normal leg. Suddenly, she thought of her neighbour's child, Kumar, who was not even able to move, he was like a vegetable just lying on the floor. She said to the angel, "My wish is for Kumar to become a normal child like other children who can run and play." The angel was surprised and said, "Your wish is granted." Then the angel asked, "Why didn't you ask something for yourself" Reena answered, "I can move by crawling. My parents take me in the wheelchair to school and I have seen the garden outside my house, but Kumar had never seen anything outside his house."

Next morning, she went to Kumar's house and there was a lot of joyful talk. Many people gathered to see Kumar as they came to know that he could walk. Reena did not tell anyone about the angel's visit. She was happy that Kumar was able to walk. Still she did not regret that. The angel was pleased with Reena's attitude, that he blessed Reena with good health and wealth. Suddenly, Reena could walk like any other child. She knew this was the work of God. She and her family thanked God for the miracle, Reena was very happy that she could walk and run. She studied and became a social worker helping the poor. She started a home for the handicapped children. She lived a happy life serving others.

## Moral

Believe in God; God will work miracles in your life too.

Nothing is impossible for God.

Let us help each other rather than be proud of our own ability.

*> go to page 42*



# അനിയനും അനിയത്തിയും

"ഡാ"

അവൻ തിരിഞ്ഞുനോക്കി.

അവൾ പുറകിൽ മുഖം വീർപ്പിച്ചു നിൽക്കുന്നു. വലതു കൈപ്പത്തി നീട്ടിപ്പിടിച്ചിട്ടുണ്ട്. അതിൽ ബദാം കഷണം.

"എടുത്തോ."

അവൻ നോക്കി.

ഇത് അവൾ തന്നെയാണോ?

അൽപം മുമ്പ് ബദാംകഷണവും കൈവശപ്പെടുത്തി തന്നെ കളിയാക്കി കടന്നുകളഞ്ഞ കുട്ടിപ്പിശാച്.

"എനിക്കു ഭാഗ്യം വേണ്ട. നെനക്കില്ലാത്ത ഭാഗ്യം എനിക്കെന്തിന്?" അവൾ കരയുമ്പോലെ അത്രയും പറഞ്ഞു.

അവനു സങ്കടമായി.

അവൻ അവളുടെ കൈയിൽ നിന്നു ബദാംകഷണം വാങ്ങി മുറിച്ച് ഒരു കഷണമെടുത്ത് അവൾക്കു നേരേ നീട്ടി.

അവൾ കൈനീട്ടിക്കൊടുത്തില്ല.

അവൻ ബദാംകഷണം അവളുടെ ചുണ്ടിനു മീതെ നീട്ടി.

പിണങ്ങി നിന്നിരുന്ന അനിയത്തി വാ തുറന്നു.

അവന്റെ വിരലുകളോടൊപ്പം അവൾ ബദാംകഷണം കടിച്ചെടുത്തു.

തലകുനിക്ക്.

അവൾ ആംഗ്യം കാട്ടി.

അവൻ തലകുനിച്ചു.

അവൾക്കു കിട്ടിയ ഭാഗ്യത്തിന്റെ പകുതി ബദാംകഷണം അവന്റെ വായ്ക്കകത്തേക്ക് അവൾ വച്ചുകൊടുത്തു.

പിറകിൽ ഒരു കൈയടി അവർ കേട്ടു.

നോക്കുമ്പോൾ ചിരിച്ചുകൊണ്ട് പപ്പയും മമ്മിയും!

അവനും നാണംവന്നു. ഒപ്പം ചിരിയും. അവൾക്കും ചിരിവന്നു. അങ്ങനെ എല്ലാവരും ചിരിച്ചു നിൽക്കെ അനിയത്തിയെ കുഞ്ഞേട്ടൻ ആകാശത്തേക്കുയർത്തി.

മാനത്തുനിന്നു കുഞ്ഞു നക്ഷത്രങ്ങൾ മിന്നാമിനുങ്ങുകളെപ്പോലെ പറന്നു താഴേക്കു വന്നു. അത് അവരുടെ ചുണ്ടുകളിൽ പറ്റിപ്പിടിച്ചു. സ്നേഹത്തിന്റേയും സമാധാനത്തിന്റേയും പാട്ടുകൾ പാടി അവർ നൃത്തം ചെയ്തു.

## അടിക്കുപകരം മിഠായി

വിശ്വസാഹിത്യകാരനായിരുന്ന ടോൾസ്റ്റോയിയുടെ പത്തുവയസ്സുകാരി മകൾ തന്റെ കൂട്ടുകാരിയുമൊത്ത് മുറ്റത്തു കളിച്ചുകൊണ്ടിരുന്നു. കളിയിൽ എന്തോ പിശകു പറ്റിയതിന്റെ പേരിൽ അവർ തമ്മിൽ വഴക്കായി. കൂട്ടുകാരി ടോൾസ്റ്റോയിയുടെ മകളെ അടിച്ചു. അവൾ കരഞ്ഞുകൊണ്ട് അച്ഛനോട് പറഞ്ഞു: "എന്നെ തല്ലിയതിനു പകരമായി അച്ഛൻ അവളെ തല്ലണം." അപ്പോൾ അദ്ദേഹം മകളോടു പറഞ്ഞു: " കുഞ്ഞേ, നിന്നെ അടിച്ചതിനു പകരം ഞാൻ അവളെ അടിച്ചാൽ എന്തു നന്മയാണുണ്ടാവുക? നിന്റെ വേദന കുറയുമോ? ഞാൻ അവളെ അടിച്ചാൽ അവൾ എന്നെയും നിന്നെയും വെറുക്കും. അതിനാൽ നിന്റെ കൂട്ടുകാരി നല്ലവളാകേണ്ടതിന് കുറച്ചു മിഠായി നീ അവൾക്കു കൊടുക്കണം. അങ്ങനെ ചെയ്താൽ ഒരിക്കലും അവൾ നിന്നെ വെറുക്കുകയില്ല." ടോൾസ്റ്റോയി ഇത്രയും പറഞ്ഞപ്പോൾ മകളുടെ മുഖം മങ്ങി. അവൾക്ക് അദ്ദേഹത്തിന്റെ തീരുമാനത്തോടു യോജിക്കുവാൻ പ്രയാസമായിരുന്നു. എങ്കിലും പിതാവിന്റെ നിർബന്ധം കൊണ്ട് അവൾ കൂട്ടുകാരിക്ക് മിഠായി കൊടുത്തു. പിന്നീട് ടോൾസ്റ്റോയി അവരുടെ പെരുമാറ്റരീതി നിരീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുകയാണ്: അവർ, പിന്നീടൊരിക്കലും പിണങ്ങാത്ത ഉറ്റമിത്രങ്ങളായിത്തീർന്നു. "തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, മറിച്ച്, തിന്മയെ നന്മകൊണ്ട് കീഴടക്കുവിൻ" (റോമ, 12:21)




A Nawab, who was a great lover of chess, was on his deathbed. Now, the most precious thing the Nawab owned, not surprisingly, was his chess set. It was made of diamonds and rubies, hence incredibly valuable.

He called upon his three sons and said. “This set is worth millions. But only one of you will inherit it.”

Their eyes shown, appropriately. They waited, like you are waiting right now, for the ‘but’ that was coming from the Nawab. “If,” said the Nawab, disappointing them, “you can play exaclty half as many games of chess, as the number of days I have to live!”

Two pairs of eyes weren’t shining so much anymore.

“For instance.” explained the Nawab, “If I end up living up for twenty days, you should have played ten games.”

The oldest son refused the challenge. “I have no idea how long you may live,” he said, shaking his head.

The Nawab said he could condone half a day’s mistake. This had no impact on the eldest nor his second, who said he couldn’t do it.

The youngest took up the challenge and won.

How’d he do it?

**Answer: He played every alternate day, beginning from the day of the challenge.**



You can’t wait for circumstances to get better. You have to create your own good fortune. So look for ways to be happy every day.

-Joel Osteen

# ക്രിസ്മസ്സ് സമ്മാനം

കില്ലനും, ജില്ലനും കൂട്ടുകാരായ രണ്ട് എലികളായിരുന്നു. രണ്ട് പേരും കേക്ക് കൊതിയൻമാർ. കേക്കിന്റെ മണം പിടിച്ച് എവിടെ കേക്കുണ്ടോ അവിടെയെത്തി കേക്ക് അടിച്ചുമാറ്റി തിന്നും. അങ്ങനെ അവർ ഒരു ദിവസം കേക്കുണ്ടാക്കി വിൽക്കുന്ന പൊണ്ണൻ കരടിയുടെ കൂട്ടിലെത്തി. ക്രിസ്മസ്സ് കാലമായതിനാൽ ധാരാളം കേക്കുകൾ ഉണ്ടാക്കുന്ന സമയം.

അവർ രണ്ടുപേരും അടുക്കളയിലെത്തി, അലമാര നിറയെ കേക്കുകൾ. രണ്ടുപേർക്കും കൊതിയേറി. ജില്ലനെ ഒഴിവാക്കി കില്ലന് കേക്ക് മുഴുവൻ കൈക്കലാക്കണമെന്നായി. അവൻ ജില്ലനെ കേക്ക് കൊണ്ടു പോകാനുള്ള പെട്ടിയെടുക്കാൻ പറഞ്ഞു വിട്ടു.

ഈ സമയം കൊണ്ട് കില്ലൻ അലമാരയിൽ കയറിപ്പറ്റി. കൊതി മൂത്ത് കേക്ക് തീറ്റ തുടങ്ങി. ഇത് കണ്ടു കൊണ്ടാണ് ജില്ലന്റെ വരവ്. അവൻ കില്ലനോട് കേക്കിന് കെഞ്ചി. ജില്ലനെ



അവൻ ആട്ടിയോടിച്ചു. പാവം ജില്ലൻ കേക്ക് കണ്ടപ്പോൾ തന്റെ കൂട്ടുകാരന്റെ സ്വഭാവം മാറിയതിൽ സങ്കടപ്പെട്ടു. ഇത് കണ്ടാണ് പൊണ്ണൻ കരടി അവിടെ എത്തിയത്. ജില്ലൻ ഭയന്നു വിറച്ചു. പക്ഷെ പൊണ്ണൻ കരടി അവനെ അടുത്ത് വിളിച്ചിട്ടു പറഞ്ഞു 'ഇത്തവണ പ്രളയം വന്നതു കാരണം ക്രിസ്മസിന് എല്ലാവർക്കും കേക്ക് ഞാൻ സൗജന്യമായിട്ടാണ് നൽകുന്നത്. ദാ നിനക്കും ഒരു കേക്ക്' എന്നു പറഞ്ഞ് വലിയ കേക്ക് അവന് നൽകി. പൊണ്ണൻ അവിടുന്നു പോയപ്പോൾ കില്ലൻ ഓടി ജില്ലനടുത്തെത്തി. ജില്ലൻ അവനോട് ദേഷ്യപ്പെട്ടില്ല പകരം തനിക്കു കിട്ടിയ കേക്ക് മുറിച്ച് കില്ലന്
നൽകിയിട്ട് പറഞ്ഞു. ഇത് നിനക്കും കുടുംബത്തിനുമുള്ള എന്റെ ക്രിസ്മസ് സമ്മാനം പാതി മുറിച്ച കേക്ക് വാങ്ങിയിട്ട് കില്ലൻ പറഞ്ഞു,
നീയാണ് എന്റെ യഥാർത്ഥ സമ്മാനം.

റെജി മലയാലപ്പുഴ



# പരീക്ഷയെഴുതാം യേശുവിനൊപ്പം



പരീക്ഷയെഴുതാം യേശുവിനൊപ്പം
പഠിച്ചു വളരാം യേശുവിനൊപ്പം
കരുത്തരാകാം യേശുവിനൊപ്പം
പരീക്ഷയെഴുതാം യേശുവിനൊപ്പം

പഠിച്ചു പ്രാർത്ഥനചൊല്ലി, എഴുതാം
ഭയപ്പെടേണ്ട ഒരുനാളും
പഠിച്ചതെല്ലാം ഓർമ്മയിൽ നിന്നും
പകർന്നു നൽകും നമ്മുടെ ദൈവം

പരീക്ഷ നമ്മുടെയറിവു വളർത്തും
പരീക്ഷയിൽ നാം മികവു പുലർത്തും
പഠിച്ചു വിജയമുറപ്പിക്കാനൊരു-
പവിത്ര നാമം കൂട്ടുവരും

പഠിച്ചു പ്രാർത്ഥന ചൊല്ലി, എഴുതാം
പരീക്ഷ ഇനിമേൽ വിജയവഴി
വിശുദ്ധഗ്രന്ഥം കരുത്തും നൽകും
ഭയപ്പെടാതെ പ്രാർത്ഥിക്കൂ

# ജിമിക്കി കുരങ്ങൻ


രചന
**റെജി മലയാലപ്പുഴ**
വര
**ദേവസി**










അടുത്ത വീട്ടിലെ ജിക്കുവിന് അമ്മുവിനോടും, അമ്മുവിന്റെ പൂന്തോട്ടത്തിനോടും അസൂയതോന്നി.
എടീ അമ്മു... നീ ഒരുപാട് ഷൈൻചെയ്യണ്ടാ. നിന്റെ ഈ വൃന്ദാവനം ഒരു നിമിഷംകൊണ്ട് ഞാൻ നശിപ്പിക്കുന്നത് നിനക്ക് കാണണോ ?
ജിക്കു തന്റെ വീട്ടിലെ ആടിനെ അഴിച്ചുകൊണ്ട് അമ്മുവിന്റെ പൂന്തോട്ടം ലക്ഷ്യമാക്കി നീങ്ങി.
ഈശ്വരാ.... ആരും കാണാതിരുന്നാൽ മതിയായിരുന്നു. കണ്ടാൽ പണിപാളും !
ശ്...ശ്.. ഒച്ചവക്കാതെ
മേ....മേ
എന്നാൽ ഇതെല്ലാം കണ്ടുകൊണ്ട് ജിമിക്കികുരങ്ങൻ അടുത്തുള്ള ഒരു മരത്തിൽ ഇരിപ്പുണ്ടായിരുന്നു.
നല്ല ഉദ്ദേശ്യമല്ലാ എന്ന് ഉറപ്പ് ! ഹും, വഴിയുണ്ട് !


ജിമിക്കി കുരങ്ങൻ തന്റെ മാന്ത്രിക ജിമിക്കി കമ്മൽ കിലുക്കികൊണ്ട് മനസ്സിൽ എന്തോ വിചാരിച്ചു. അപ്പോൾ
അയ്യോ.... പുലിവരുന്നേ.... പുലി.!
ഗ്ർ...ർ...ർ
മ്മേ....മ്മേ
പിറ്റേന്ന്
അമ്മു, ഇന്നലെ നിന്റെ പൂന്തോട്ടത്തിൽ ഒരു പുലിയുടെ അലർച്ച ഞാൻ കേട്ടു
ഞങ്ങളാരും കേട്ടില്ലല്ലോ ജിക്കു. ആട്ടേ, എപ്പോഴാ ആ ശബ്ദം കേട്ടത്.
അത്.. അത്.. പിന്നെ ഉച്ച സമയത്ത്!
കള്ളത്തരം മനസ്സിലാക്കിയ അമ്മു ഇങ്ങിനെ പറഞ്ഞു-
ഓ. ജിക്കുകേട്ടത് നേരാ. തോട്ടം നശിപ്പിക്കാനോ, പൂക്കൾ പറിക്കാനോ, ആരെങ്കിലും വന്നാൽ ആ പുലി അവരെ കടിച്ചുകീറും
ങേ ! നേരാണോ അമ്മൂ ?
ഹി ! ഹി ! ഹി ! നിനക്കിട്ട് പണിതന്നത് ആ ജിമിക്കി കുരങ്ങനായിരുന്നു ജിക്കൂ ! മേലിൽ ഇതാവർത്തിക്കരുത് !

# Words of Encouragement

When you want someone to try hard, keep going, or not give up, you can "encourage" them.

Here are some phrases that you can use for encouraging someone.

Phrases to use when someone hasn't started yet.

You can say these phrases to someone who's trying to decide whether to do something that seems difficult or risky:

1. Give it a try

   Example: Your friend has never driven a car with a manual transmission. You offer to let her drive your car, which has a stick shift.

2. Go for it

   Example: One of your students is thinking of applying to a university in the U.S. and asks if you think it's a good idea.

3. Why not?

   Example: Your wife asks if you think she should take an acting class.

4. It's worth a shot

   Example: Your brother likes a really beautiful woman who lives nearby. He asks if he should ask her on a date. You think she might say no, but you encourage him anyway.

5. What are you waiting for?

   Example: Your friend has been talking about quitting his job and starting his own company. You think he should do it soon.

6. What do you have to lose?

   Example: Your roommate sees a job opening. She seems like she wants the job, but she's hesitating apply for it. You think she should go ahead and apply.

7. You might as well

   Example: Your sister will

be able to finish school a year early if she takes a few extra difficult classes, but isn't sure if she should. You think it's a good idea.

8. Just do it

   Example: `Your friend is thinking about asking his girlfriend to marry him, but he's not sure. You want him to stop worrying and make a decision.

   Phrases to use when someone is already doing well.

   You can "encourage" someone to continue doing what they were already doing.

9. There you go!

   Example: You're teaching your daughter to swim. You told her to kick her legs. She's doing a good job.

10. Keep up the good work

   Example: You are a coach for your daughter's soccer team. Your team won a match and everyone played well.





# മനുഷ്യശരീരവും റോബട്ടും

മനുഷ്യശരീരത്തെ ഒരു റോബട്ടായി സങ്കൽപ്പിച്ചാൽ മസ്തിഷ്കം (Brain) അതിന്റെ കൺട്രോളറായും മാംസപേശികൾ ആക്ചോറുകളായും കരുതാം. കൈവിരലുകൾ എൻഡ് എഫ്ക്ടേഴ്സും സെൻസറുകൾ പഞ്ചേന്ദ്രിയങ്ങളുമാകും. മനുഷ്യമസ്തിഷ്കത്തിലെ സെറിബെല്ലത്തിന്റെ പ്രവർത്തനശൈലിയാണ് റോബട്ടിലെ കൺട്രോളറുകൾക്ക്. തലച്ചോറിനെ മൊത്തത്തിന് റോബട്ടിലെ പ്രൊസ്സസറിനോടുപമിക്കാം. ഓരോ ജോയിന്റും എന്തു വേഗത്തിൽ എത്രമാത്രം ചലിക്കണമെന്ന് തീരുമാനിക്കുന്നത് ഇതാണ്. സെൻസറുകളുടെയും കൺട്രോളിന്റെയും പ്രവർത്തനവും റോബട്ടിന്റെ മൊത്തത്തിലുള്ള ചലനവും നിയന്ത്രിക്കുന്നതും ഈ ഭാഗം തന്നെ. മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതും സവിശേഷരീതിയിൽ രൂപകൽപ്പന ചെയ്തെടുത്തതുമായ കമ്പ്യൂട്ടറാകും റോബട്ടിന്റെ പ്രധാന ഭാഗമായ പ്രോസസ്സർ.

# Definitions

The English language definitions, as well as somewhat more practical forms of definitions of 'Learning' and 'Skill', are given below:

Learning: The process of gaining knowledge and experience, for example, studying.

Skill: The ability to do something well usually as a result of experience and training.

(Mac Millan Dictionary)

Learning: Measurable and relatively permanent change in behaviour. Learning itself cannot be measured, but its results can be. In the words of Harvard Business School psychologist Chris Argyris, learning is 'detection and correction of error' where error means any mismatch between our intentions and what actually happens.

Skill: An ability and capacity acquired through deliberate, systematic and sustained effort to smoothly and adaptively carry out complex activities or job functions involving ideas (cognitive skills), things (technical skills) and or people (interpersonal skills) through experience, instruction or study.


(businessdictionary.com)



"I am old but I am forever young at heart. We are always the same age inside. Know that you are the perfect age. Each year is special and precious, you can only live it once. Do not regret growing older, it's a privilege denied to many!" -Richard Gere

# കഴമ്പില്ലാത്ത പഠനം

എഴുത്ത്. വര
**ദേവസി**


















പിറ്റേന്ന് തവള കുറെ കാരറ്റ് ദക്ഷിണയായി വച്ചു. അതിനുശേഷം...
ദാ, ശ്രദ്ധിച്ചു നോക്കുക. മുൻകാലുകൾ ഇങ്ങനെവച്ച് കൈ ഇങ്ങനെ പിടിച്ച് അതിനുശേഷം വൺ, ടൂ...
ത്രീ........
പൂഷ് ...
ഹമ്മേ ശരം വിട്ടപോലെയാണല്ലോ പോയത് !
ഇനി ഞാൻ ഓടിയപോലെ ഒന്ന് ഓടിനോക്കൂ !
ശരി ആശാനെ !
തവള ഓടാൻ തുടങ്ങി. പക്ഷേ.....
ഹയ്യടാ..... ഞാൻ ഓടാൻ പഠിച്ചു തുടങ്ങിയിരിക്കുന്നു.
ഇതിന് ഓട്ടം എന്നല്ല പറയുക. നന്നായി പ്രാക്ടീസ് ചെയ്യൂ കുട്ടീ.


പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന തവള ഒരു കുളത്തിനടുത്തെത്തി.
ഓട്ടത്തിന്റെ കൂടെ നീന്തലും പഠിക്കുന്നത് നല്ലതാ !
തവള കുളത്തിലേക്ക് എടുത്തുചാടി.
ഹലോ, എന്നെ കൂടി നീന്തൽ പഠിപ്പിക്കോ ?
അതിനെന്താ. ദാ ഇങ്ങനെ വാലാട്ടിക്കൊണ്ട് മുൻപോട്ടു കുതിക്കുക.
ദാ, ഇങ്ങനെ അല്ലേ
ശ്...ള്...ക്...
ഇതെന്തോന്ന് പഠനം
നീന്തലും മതിയാക്കി തവള കരയിലേക്ക് എടുത്തുചാടി.
ഹും, എന്നെ സമ്മതിക്കണം എത്ര വേഗംകൊണ്ടാ ഓടാനും നീന്താനും പഠിച്ചത്
ക്ഷമയില്ലാത്തവന്റെ പഠനം ഇങ്ങനെയിരിക്കും. ഒരിടത്തും എത്തിപ്പെടില്ല.


Fill in the grid with digits in such a manner that every row, every column and every 3 x 3 box accommodated the digit 1 to 9 without repeating any.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 6 | | | | 7 | 4 | 1 | |
| | | | | | | | | 9 |
| 2 | | | | 5 | | | | |
| 9 | | | | 1 | | | 8 | |
| | | 5 | 4 | | 3 | 1 | | |
| | | | | 8 | | | | 5 |
| | | | | 4 | | | | 1 |
| 1 | | | | | 5 | | | 7 |
| | 8 | 6 | 9 | | | | 3 | |

If you wish to know the answers turn to page 44

# Fit the words in the grid

## Local, Final, Prize, Angel, Elbow, Flame, Whale





**ശരിയുത്തരം അയക്കുക.**
സമ്മാനം നേടുക.

**അവസാന തീയതി**
**ഫെബ്രുവരി 20, 2019**

ഉത്തരങ്ങൾ ലഭിക്കേണ്ട വിലാസം
Chief Editor
JNANADEEPAM
Bethany Navajeevan
Provincial Ashram,
Nalanchira P.O,
Thiruvananthapuram - 695015





ഈ വർഷം റിപ്പബ്ലിക് ദിനത്തിലെ മുഖ്യ അതിഥി
ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായ സിറിൽ രാമപോസയാണ്

*Answers of puzzles from page 42.*

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 6 | 8 | 3 | 9 | 7 | 4 | 1 | 2 |
| 4 | 7 | 1 | 8 | 6 | 2 | 3 | 5 | 9 |
| 2 | 3 | 9 | 1 | 5 | 4 | 6 | 7 | 8 |
| 9 | 4 | 7 | 5 | 1 | 6 | 2 | 8 | 3 |
| 8 | 2 | 5 | 4 | 7 | 3 | 1 | 9 | 6 |
| 6 | 1 | 3 | 2 | 8 | 9 | 7 | 4 | 5 |
| 3 | 5 | 2 | 7 | 4 | 8 | 9 | 6 | 1 |
| 1 | 9 | 4 | 6 | 3 | 5 | 8 | 2 | 7 |
| 7 | 8 | 6 | 9 | 2 | 1 | 5 | 3 | 4 |

# Colouring Corner

**Can you guess how many fish are there?**
**Brighten them up with colours.**



# ആന്റപ്പൻ

വര – ദേവസി






# SHARPEN YOUR MIND

1. How many times does the alphabet 'a' appear from 0-100?
2. If it took eight men ten hours to build a wall, how long would it takefour to build it?
3. How many cars can you park in an empty garage?
4. How many cars can park in an empty garage?
5. If you overtake the person in second place in a race, what position are you now in?
6. Where can you find rivers with no fish, roads with no cars, seas with no ships and towns with no people?



**Answers :** 1. None. 2. None already built. 3. One. After that it is no longer an empty garage. 4. They both weigh the same-100 pounds. 5. Seconds. 6. On a map.

"Everything is temporary; emotions, thoughts, people, and scenery. Do not become attached, just flow with it."

# New thoughts for New-year

## Live Each Day

Each day is a lifetime in miniature.
To awaken each morning is to be again, to fall asleep at night is to die to the day.
In between waking and sleeping are the golden hours of the day. What we cannot do for a lifetime we can do for a daytime.
Anyone can hold their temper for a day and guard the words they speak.
Anyone can carry his burden heroically for one day.
Anyone can strive to be happy for a day and to spread happiness around.
Anyone can radiate love for a day.
Anyone can rise above fear for a day and meet each new situation with courage.
Anyone can be kind and thoughtful and considerate for a day.
Anyone can endeavour to learn something new each day and mark some growth.
The supreme art of living is to strive to live each day well.
Live a day at a time and remember that tomorrow is another today.

